**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3895** **03-03-2023 - ൽ മറുപടിയ്ക്ക്**

**പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ എം നൗഷാദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നടത്തിവരുന്ന പ്രവൃത്തികൾ കാര്യക്ഷമവും സമയബന്ധിതവുമായി നടത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; | (എ) | കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ വിവിധ വകുപ്പുകളുടെയും, സ്ഥാപനങ്ങളുടെയും ആവശ്യ പ്രകാരം പൊതു മരാമത്ത് വകുപ്പ് അനുശാസിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ഇ-ടെണ്ടർ നടപടികളനുസരിച്ച് ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തുന്ന കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനകം കരാർ ഉടമ്പടി വയ്ക്കുകയും സൈറ്റ് ഏറ്റെടുക്കുകയും തുടർന്ന് ഷെഡ്യൂൾ പ്രകാരം സമയ ബന്ധിതമായി പണി പൂർത്തീകരിക്കുകയും ചെയ്യുന്നുണ്ട്. ടെൻഡറിൽ പങ്കെടുക്കുന്ന കരാറുകാരിൽ നിന്നും മുൻപരിചയം ഉള്ളവരെ തെരഞ്ഞെടുക്കുന്നതിനു വേണ്ടി 50 ലക്ഷത്തിനു മുകളിലുള്ള പ്രവർത്തികളുടെ ടെൻഡർ നടപടികളിൽ Two Bid Cover System നടപ്പിലാക്കിയിട്ടുണ്ട്. കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ കരാർ പണികൾ ഏറ്റെടുക്കുകയും അതിൽ സ്ഥിരമായി വീഴ്ച വരുത്തുകയും ചെയ്തിട്ടുള്ള കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി ഭാവിയിൽ ടെൻഡറിൽ പങ്കെടുക്കുന്നതിൽ നിന്നും ഒഴിവാക്കുന്നുണ്ട്. കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രോജക്ട് എഞ്ചിനീയർ, അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ, സൈറ്റ് സൂപ്പർവൈസർ തുടങ്ങിയവർക്ക് പുറമേ പോലീസ് വകുപ്പിൽ നിന്നും നിയോഗിച്ച സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള പോലീസ് ഉദ്യോഗസ്ഥരുടെയും മേൽനോട്ടത്തിലാണ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നത്. കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ചീഫ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ തുടർച്ചയായി സൈറ്റ് സന്ദർശിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഗുണ നിലവാരം ഉറപ്പ് വരുത്തുവാൻ കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ അംഗീകരിച്ച ഗുണമേന്മയുള്ള നിർമ്മാണ വസ്തുക്കൾ മാത്രമേ ഉപയോഗിക്കുവാൻ അനുവദിക്കുകയുള്ളൂ. പൊതുമരാമത്ത് വകുപ്പിന്റെ മാന്വൽ പ്രകാരമുള്ള ഗുണനിലവാര പരിശോധനകൾ നിർബന്ധമായും നടത്തുന്നുണ്ട്. Structural drawings, material test, soil test തുടങ്ങിയവ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നുള്ള അനുമതിയുടെ അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത്. വർക്കുകൾ പൂർത്തീകരിച്ച്, നിയോഗിക്കപ്പെട്ട ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെ വെരിഫിക്കേഷൻ കഴിഞ്ഞ് പ്രോജക്ട് എഞ്ചിനീയർ രേഖാമൂലം അതത് വകുപ്പിന് കൈമാറുന്നു.ഗുണനിലവാരം ഉറപ്പ് വരുത്തി, നിശ്ചിത സമയത്തിനുള്ളിൽ തന്നെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കെ.പി.എച്ച്.സി.സി. എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ നിർമ്മാണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; | (ബി) | അനുയോജ്യമായ മേഖലകളിൽ പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികൾ അവലംബിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | നിലവിലുള്ള പോലീസ് ക്വാർട്ടേഴ്സുകളുടെയും ആഭ്യന്തര വകുപ്പിന്റെ കൈവശമുള്ളതുമായ സ്ഥലങ്ങളിലും ആധുനിക ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് കൂടുതൽ പോലീസ് ഉദ്യോഗസ്ഥരുടെ കുടുംബങ്ങൾക്ക് താമസ സൗകര്യമൊരുക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ പരിഗണനയിലില്ല. |
| (ഡി) | കാലപ്പഴക്കം ചെന്ന പോലീസ് ക്വാർട്ടേഴ്സുകൾ പുനരുദ്ധരിക്കുന്നതിനും പുനർനിർമ്മിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കുമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ